**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2449**

**05.11.2019 - ൽ മറുപടിക്ക്.**

## ഇൻഫോ പാർക്ക്

**ചോദ്യം**
ശ്രീ. സജി ചെറിയാൻ

**മറുപടി**
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവുംവകുപ്പ മന്ത്രി).**

(എ) ചെങ്ങന്നൂർ മണ്ഡലത്തിൽ ഒരു ഇൻഫോ പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ (സി.ജി.എൻ.ആർ 979/19 തീയതി 19.1.19 പ്രകാരം സമർപ്പിച്ചിരുന്ന ശിപാർശ) സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇൻഫോപാർക്കിനാവശ്യമായ തുക അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

(എ) & (ബി) : ചെങ്ങന്നൂർ മണ്ഡലത്തിൽ ഒരു ഇൻഫോ പാർക്ക് സ്ഥാപിക്കണ മെന്നവശ്യപ്പെട്ടുകൊണ്ട് സി.ജി.എൻ.ആർ 979/19 തീയതി 19.1.19 പ്രകാരമുള്ള ശിപാർശ വ്യവസായ വകുപ്പിൽ ലഭിച്ചിട്ടില്ല. എന്നാൽ ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രഭുറാം മിൽസിന്റെ നവീകരണത്തിനായി 50 കോടി രൂപയും പ്രസ്തുത മിൽസിന്റെ അധീനതയിലുള്ള 20 ഏക്കർ ഭൂമിയിൽ നിന്നും 10 ഏക്കർ ഭൂമി ഒരു ഇൻഫോ പാർക്ക് സ്ഥാപിക്കുന്നതിനായി അനുവദി ക്കണമെന്നും പ്രാഥമികമായി 25 കോടി രൂപ 2019-20 ബഡ്ജറ്റിൽ വകയിരുത്തണ മെന്നും ആവശ്യപ്പെട്ടുകൊണ്ട് 09/01/2019-ലെ സി.ജി.എൻ.ആർ. 971/19 എന്ന നിവേദനം വ്യവസായ വകുപ്പിൽ ലഭിച്ചിട്ടുണ്ട്.

ടി അപേക്ഷയുടെ അടിസ്ഥാന ത്തിൽ വ്യവസായ വകുപ്പിന്റെ പരിധിയിലുള്ള കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള ചെങ്ങന്നൂർ പ്രഭുറാം മിൽസിന്റെ നവീകരണത്തിനായി 2019-20-ലെ ബഡ്ജറ്റിൽ 5 കോടി രൂപ ഉൾപ്പെടുത്തിയിട്ടുള്ളതും 26/06/2019-ലെ സ.ഉ.(സാധാ) നമ്പർ 582/2019/വ്യവ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. എന്നാൽ ചെങ്ങന്നൂർ മണ്ഡലത്തിൽ ഇൻഫോ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലില്ലാ ത്തതുമാണ്.

സെക്ഷൻ ഓഫീസർ.

ജക/24/10/19